**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4066 — 16-05-2017-ൽ മറുപടിക്ക്

**എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണം**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. ആർ. രാമചന്ദ്രൻ** | **ഡോ.കെ.റ്റി.ജലീൽ**<br>(ബഹു. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ) |
| (എ) തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) തദ്ദേശസ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം പ്രാദേശിക സർക്കാരുകളിൽ സംയോജിപ്പിക്കുന്നത് സംബന്ധിച്ച് 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അന്തസത്ത ഉൾക്കൊണ്ടുകൊണ്ട് ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) പ്രസ്തുത വിഭാഗത്തിലെ ജീവനക്കാരുടെ സേവന പുസ്തകം ഉൾപ്പെടെയുള്ള സർവ്വീസ് രേഖകൾ സൂക്ഷിക്കുന്നതിനും യഥാസമയമുള്ള രേഖപ്പെടുത്തലുകൾ നടത്തുന്നതിനും ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരുടെ വിശദവിവരം ലഭ്യമാക്കുമോ ? | (ബി) നിലവിൽ തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ മുതൽ ചീഫ് എഞ്ചിനീയർ വരെയുള്ള ജീവനക്കാരുടെ സർവ്വീസ് ബുക്കുകൾ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലാണ് സൂക്ഷിക്കുന്നത്. എന്നാൽ ഇവരുടെ സർവ്വീസ് രേഖകൾ കൈകാര്യം ചെയ്യുന്നത് അക്കൗണ്ടന്റ് ജനറലാണ്. ഓവർസിയർ, മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർ എന്നിവരുടെ സേവന പുസ്തകം ഉൾപ്പെടെയുള്ള സർവ്വീസ് രേഖകൾ കൈകാര്യം ചെയ്യുന്നത് അതാത് കൺട്രോളിംഗ് ഓഫീസർമാരാണ്. |

**സെക്ഷൻ ഓഫീസർ**